# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1099** **13/12/2012 ൽ മറുപടിക്ക്**

## സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.ശശി: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിക്കായി പാചകഗ്യാസ് ലഭ്യമാക്കുന്നതിനുള്ള സബ്സിഡി ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഇതിനായി സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | ബി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |
| സി) | സ്കൂളിലെ ഉച്ചഭക്ഷണ പരിപാടിയിൽ നടപ്പാക്കിയ പരിഷ്ക്കാരങ്ങൾ എന്തെല്ലാമാണ്; | സി) | ഉച്ചഭക്ഷണ ഗുണഭോക്താക്കളായ സ്കൂൾവിദ്യാർത്ഥികൾക്ക് പ്രാദേശിക സാഹചര്യങ്ങൾ കൂടി കണക്കിലെടുത്ത് പോഷക സമൃദ്ധമായ ആഹാരം നൽകുന്നതിനും നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിലേക്കായി 2012-13ൽ ഒരു അദ്ധ്യയന വർഷത്തേയ്ക്ക് കുട്ടി ഒന്നിന് ഒരു നിശ്ചിത തുക നിശ്ചയിച്ച് അത് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ-ട്രാൻസ്ഫർ മുഖേന സ്കൂൾ പ്രഥമ അധ്യാപകർക്ക് നേരിട്ട് മുൻകൂറായി നൽകുന്നു. അതിൻപ്രകാരം 150 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 5 രൂപയും 150/- രൂപ പാചക കൂലി. 151 മുതൽ 500 കുട്ടികൾ വരെയുള്ള സ്കൂളുകളിൽ കുട്ടി ഒന്നിന് പ്രതിദിനം 6 രൂപയും (പാചക കൂലി ഉൾപ്പെടെ). 501-നു മുകളിൽ കുട്ടികൾ വരുന്ന സ്കൂളുകളിൽ 500 കുട്ടികൾ വരെ 6 രൂപയും 500-നു മുകളിൽ ഉള്ള ഓരോ കുട്ടിക്കും പ്രതിദിനം 5 രൂപാ വീതവും (പാചക കൂലി ഉൾപ്പെടെ) |

നൽകി വരുന്നു. ഈ പരിഷ്കരണത്തിലൂടെ പ്രാദേശിക സാഹചര്യങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തി ഉച്ച ഭക്ഷണ പദ്ധതി മെച്ചപ്പെടുത്താനും പദ്ധതി നടത്തിപ്പിനു പ്രധാന അധ്യാപകർക്ക് നേരിട്ട് ഫണ്ട് മുൻകൂറായി ലഭ്യമാക്കുന്നതിനും അതിലൂടെ ഫണ്ട് കുടിശ്ശികയാകുന്നുവെന്ന പരാതി ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്.

ഡി) ഈ പരിഷ്ക്കാരങ്ങൾക്കെതിരെ എന്തെല്ലാം പരാതികളാണ് ഉയർന്നുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അവ പരിഹരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളും നടപടികളുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

ഡി) പച്ചക്കറി, പലവ്യഞ്ജനം, എണ്ണ, വിറക്, പാചകഗ്യാസ്, ധാന്യങ്ങൾ തുടങ്ങിയവയുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ നിലവിൽ കുട്ടി ഒന്നിന് അനുവദിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമാണെന്നു പരാതി ഉയർന്നു വരുന്നുണ്ട്. പരിഷ്കരിച്ച ഉച്ച ഭക്ഷണ പരിപാടിയുടെ പ്രവർത്തനം വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സീമാറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ